64 (208) **എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്)മാരുടെ ഒഴിവുകൾ**

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസിൽ മലപ്പുറം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ഇതിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തി; ഇനി എത്ര ഒഴിവുകളിൽ കൂടി നിയമനം നടത്താനുണ്ട്;

(സി) എസി.സി./എസ്.ടി.ക്കായി സംവരണം ചെയ്ത 1997, 1998, 1999 എന്നീ വർഷങ്ങളിലെ ഒഴിവുകൾ യഥാസമയം എംപ്ലോയ്മെന്റ് സെല്ലിൽനിന്നും റിപ്പോർട്ട് ചെയ്യാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)85 ഒഴിവുകളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലിസ്റ്റ് കിട്ടിയിട്ടുണ്ട്. ഇന്റർവ്യൂ നടത്തി ഒഴിവ് നികത്തുന്നതാണ്.

(സി) എസ്.സി/എസ്.ടി.ക്കായി സംവരണം ചെയ്ത 97, 98, 99 വർഷങ്ങളിലെ ഒഴിവുകൾ യഥാസമയം എംപ്ലോയ്മെന്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

65 (209) **എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം**

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99-ൽ നിയമനം ലഭിച്ച എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടായതായി അറിയുമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകി ശമ്പളം ലഭിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) അദ്ധ്യാപക നിയമനത്തിന് പാലിക്കേണ്ട അനുപാതം സംബന്ധിച്ചുള്ള കേസ്സിൽ സർക്കാർ നിലപാടിനെ അംഗീകരിച്ചുകൊണ്ട് ഹൈക്കോടതി നൽകിയ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തതിനാൽ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകാനാവില്ല. അംഗീകാരം നൽകിയാലേ ശമ്പളം കൊടുക്കാനാവൂ. ഇതാണ് ശമ്പളം വൈകാൻ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 10.5.99-ലെ ഉത്തരവനുസരിച്ച് ജോലിചെയ്ത കാലത്തെ ശമ്പളം നൽകാൻ സുപ്രീംകോടതിയുടെ അനുവാദം ലഭിച്ചിട്ടുള്ളതിനാൽ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവുകൾ അയച്ചുതുടങ്ങി. നിയമനം അംഗീകരിച്ചുകഴിഞ്ഞാലുടൻ ശമ്പളം നൽകുന്നതാണ്.

66 (210) കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇതുവരെയായി എത്ര അദ്ധ്യാപകരുടെ തസ്തികകൾ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ ഏതു വിഭാഗത്തിലുള്ള അദ്ധ്യാപക തസ്തികകളാണ്;

(സി) പ്രസ്തുത ഒഴിവുകൾ മുഴുവനും എന്നേക്കു നികത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

67 (211) സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ നിയമനങ്ങൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ നിയമനങ്ങൾ ഉൾപ്പെടെയുള്ളവയുടെ അഡ്മിനിസ്ട്രേഷൻ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര മ്യൂസിയം ഡയറക്ടർ നിയമനം ഗവേണിംഗ് ബോഡിയുടെ ശുപാർശ അനുസരിച്ച് ഗവൺമെന്റ് നടത്തണമെന്ന മ്യൂസിയം നിയമാവലി അനുസരിച്ചാണോ ഇപ്പോഴത്തെ ഡയറക്ടർ നിയമനം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) മ്യൂസിയത്തിന്റെ എത്രാമത്തെ ഗവേണിംഗ് ബോഡിയാണ് ഇപ്പോഴത്തെ ഡയറക്ടറെ നിയമിക്കാനുള്ള ശുപാർശ നൽകിയത്;

(ഡി) ഇല്ലെങ്കിൽ ചട്ടം പാലിക്കാതെ ഡയറക്ടറെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) 1999 മാർച്ച് 31-ന് കാലാവധി തീർന്ന നിലവിലുള്ള ഡയറക്ടറുടെ കാലാവധി ചട്ടങ്ങൾ മറികടന്ന് വീണ്ടും നീട്ടികൊടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly